**പതിനാലാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.886 — 11.07.2016-ൽ മറുപടിക്ക്

## വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. ജോയി | പ്രൊഫ. സി. രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) തിരുവനന്തപുരം വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക് കോളേജിന് എ.ഐ.സി.റ്റി.യുടെ അംഗീകാരം നഷ്ടപ്പെട്ട കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഈ സ്ഥാപനത്തിന് 2016-17 വർഷം എ.ഐ.സി.റ്റി.യുടെ അംഗീകാരം നഷ്ടമായ സാഹചര്യം വിശദമാക്കാമോ ;<br>(സി) എ.ഐ.സി.റ്റി. അംഗീകാരത്തിനുവേണ്ടി മുൻ സർക്കാരിന്റെ കാലത്ത് ഓൺലൈൻ അപേക്ഷ നൽകുന്നതിലുണ്ടായ വീഴ്ചയാണ് ഇപ്രകാരം സംഭവിക്കാനിടയായതെന്ന വാർത്ത പരിശോധിച്ചിട്ടുണ്ടോ ; | (ബി) & (സി) എ.ഐ.സി.റ്റി.ഇ. അംഗീകാരത്തിനായുള്ള അപേക്ഷ അതാത് സ്ഥാപനങ്ങൾ നേരിട്ടാണ് ഓൺലൈനായി സമർപ്പിക്കേണ്ടത്. വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക്കിന്റെ 2015-16 വർഷത്തെ എ.ഐ.സി.റ്റി.ഇ. തുടർ അംഗീകാരത്തിനായുള്ള അപേക്ഷ ഓൺലൈനായി യഥാസമയം സ്ഥാപനത്തിൽ നിന്നും സമർപ്പിച്ചുവെങ്കിലും ചില സാങ്കേതിക പിഴവ് കാരണം 'form not submitted' എന്ന സ്റ്റാറ്റസ് ആണ് കാണിച്ചത്. ഈ വസ്തുതകൾ കാണിച്ച് യഥാസമയം കൗൺസിലിന് കത്തയച്ചു എങ്കിലും മറുപടി ലഭിക്കുകയുണ്ടായില്ല. തുടർന്ന് സ്ഥാപനത്തെ "break-in-EOA" എന്ന കാറ്റഗറിയിലാണ് ഉൾപ്പെടുത്തിയത്. അതിനുശേഷം 2016-17 വർഷത്തെ എ.ഐ.സി.റ്റി.ഇ. തുടർ അംഗീകാരത്തിനായി അപേക്ഷ സ്ഥാപനത്തിൽ നിന്നും സമർപ്പിച്ചുവെങ്കിലും 2015-16 വർഷത്തെ സാങ്കേതിക പിഴവ് കാരണം 2016-17 വർഷത്തെ എ.ഐ.സി.റ്റി.ഇ. അംഗീകാരം ലഭിക്കുകയുണ്ടായില്ല. തുടർന്ന് കൗൺസിൽ, സ്ഥാപനത്തിൽ പരിശോധന നടത്തുകയും അദ്ധ്യാപക തസ്തികകളുടെ കുറവുൾപ്പെടെയുള്ള ന്യൂനതകൾ ചൂണ്ടിക്കാട്ടുകയും അവ |

| | | | |
|---|---|---|---|
| | | | കാരണം 2016-17 വർഷത്തിൽ തുടർച്ചാനുമതി നിഷേധിക്കുകയും ചെയ്തു. |
| (ഡി) | എങ്കിൽ ആയതിനു കാരണക്കാരായ ഉദ്യോഗസ്ഥർ ആരെല്ലാമാണെന്നും അവർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും വിശദമാക്കാമോ ; | (ഡി) & (ഇ) | വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക്കിൽ എ.ഐ.സി.റ്റി.ഇ. അംഗീകാരം നഷ്ടപ്പെട്ട വിഷയവുമായി ബന്ധപ്പെട്ട് സ്ഥാപന മേധാവിയോട് വിശദീകരണം സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഇ) | ഇക്കാര്യം പരിശോധിച്ചിട്ടില്ലെങ്കിൽ അടിയന്തിരമായി പരിശോധിച്ച് കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിക്കുമോ ; | | |
| (എഫ്) | വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക് കോളേജിന്റെ അംഗീകാരം പുന: സ്ഥാപിക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | (എഫ്) | ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 26 തസ്തികകളുടെ കുറവ് ന്യൂനതയായി സൂചിപ്പിച്ചിരുന്നു. പ്രസ്തുത തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. 13.6.2016 ന് ബഹു. മുഖ്യമന്ത്രി ബഹു. കേന്ദ്രമാനവ വിഭവശേഷി വകുപ്പ് മന്ത്രിയോട് തിരുവനന്തപുരം സെൻട്രൽ പോളിടെക്നിക്കിന് തുടർച്ചാനുമതി നൽകണമെന്നും എ.ഐ.സി.റ്റി.ഇ. കണ്ടെത്തിയ ന്യൂനതകൾ പരിഹരിക്കാൻ സർക്കാരിന്റെ ഭാഗത്തു നിന്നും എല്ലാ നടപടികളും അടിയന്തരമായി സ്വീകരിക്കുമെന്നും ഉറപ്പു നൽകിക്കൊണ്ട് അപേക്ഷിച്ചിട്ടുണ്ട്. കേരളത്തിൽ നിന്നുള്ള വിവിധ എം.പി.മാർ, മുഖേന വിഷയം കേന്ദ്രമാനവവിഭവ ശേഷി മന്ത്രിയുടെ ശ്രദ്ധയിൽ പ്പെടുത്തുന്നതിനും അംഗീകാരം നേടിയെടുക്കുന്നതിനും തീവ്രമായ ശ്രമം നടത്തി വരികയാണ്. |

Deepa

സെക്ഷൻ ഓഫീസർ